(സി) ആദ്യഘട്ടത്തിൽ രാജ്യവ്യാപകമായി 14,000 പോലീസ് സ്റ്റേഷനുകളും 6000 അനുബന്ധ പോലീസ് ഓഫീസുകളും അടുത്ത ഘട്ടത്തിൽ മറ്റ് ഇതര ഡിപ്പാർട്ടുമെന്റുകളായ Transport, Immigration, Passport, Central Police Agencies തുടങ്ങിയവയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുക വഴി കുറ്റാന്വേഷണത്തിനും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഫലപ്രദമായ തീരുമാനമെടുക്കുന്നതിനും സഹായകമാകുന്ന രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിൽനിന്നും ലഭ്യമായിട്ടുള്ള കോർ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ (CAS) സംസ്ഥാനത്തെ ഡാറ്റാ സെന്ററിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും ഒരേ സമയം പ്രസ്തുത സോഫ്റ്റ്വെയർ ഉപയോഗിക്കാൻ കഴിയും ; ഇതിനുവേണ്ടി സുരക്ഷിതവും സ്വന്തവുമായൊരു നെറ്റ്വർക്ക് (VPN) നൽകിയിട്ടുണ്ട്. കേരളത്തിൽ രണ്ട് നെറ്റ്വർക്കുകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. (1) ബി.എസ്.എൻ.എൽ. നെറ്റ്വർക്കും (2) കേരളാ സ്റ്റേറ്റ് വൈഡ് ഏര്യാ നെറ്റ്വർക്കും. പ്രസ്തുത നെറ്റ്വർക്കുകൾ മുഖേന കേരളത്തിലെ 482 പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 835 പോലീസ് ഓഫീസുകളെ ബന്ധിപ്പിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ നിന്നും കോർ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിലേക്ക് നൽകുന്ന വിവരങ്ങൾ യഥാസമയം സംസ്ഥാന ഡാറ്റാ സെന്ററിൽ എത്തുകയും പ്രസ്തുത വിവരങ്ങൾ സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും രാജ്യത്തെ എല്ലാ പോലീസ് ഓഫീസുകളിലും ലഭ്യമാകുന്നതുമാണ്.

**വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തനം**

132 (1837) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ പോലീസ് സ്റ്റേഷൻ അനുവദിച്ച ജില്ലകളിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ച് കേസ് രജിസ്റ്റർ ചെയ്യാനും തുടർനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇതുസംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് ജനറൽ എ. എസ്. ഐ. തസ്തിക നിലവിലുണ്ടോ ;

(സി) നിലവിലെ ജനറൽ വനിത എ.എസ്.ഐ.-മാരെ ജനറൽ എ. എസ്. ഐ. മാരാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തനം സംബന്ധിച്ച് പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) 25-8-1995-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച വനിതാ പോലീസുകാർക്ക് എ.എസ്.ഐ. തസ്തിക ഇല്ല. എങ്കിലും 23 വർഷം സർവ്വീസ് പൂർത്തിയാക്കിയ വനിതാ സീനിയർ സിവിൽ പോലീസ് ഓഫീസർമാർക്ക് എ.എസ്.ഐ. ഗ്രേഡ് ഡെസിഗ്നേഷൻ നൽകിയിട്ടുണ്ട്. 25-8-1995-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർ മുഖ്യധാരയിൽ ഉൾപ്പെട്ടതിനാൽ ഇവർ പൊതുവായ സീനിയോറിറ്റി ലിസ്റ്റിലാണ് ഉൾപ്പെടുന്നത്. ആയതിന്റെ സീനിയോറിറ്റി പ്രകാരമാണ് ഇവർക്കും എ.എസ്.ഐ. തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത്.

**വനിതാ പോലീസ് സ്റ്റേഷൻ**

133 (1838) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുളിക്കാട് വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പരിഗണനയിലില്ല.

**ക്രൈം ബ്രാഞ്ചിന്റെ ആധുനികവത്കരണം**

134 (1839) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly